"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസവകുപ്പ് - സി-ആപ്റ്റ് ജീവനക്കാരുടെ ഓവർടൈം അലവൻസ് വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.190/2026/HEDN തീയതി,തിരുവനന്തപുരം, 12-02-2026

---

പരാമർശം:- സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ 10-11-2025 ലെ സി-ആപ്റ്റ്/1663/2025-ഇ7(ഇ.എസ്.റ്റി.റ്റി.) നം. കത്ത്

സി-ആപ്റ്റിന്റെ 61-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം സെൻററിലെ ജീവനക്കാരുടെ ഓവർടൈം പ്രവൃത്തി ദിവസങ്ങളിൽ പരമാവധി 4 മണിക്കൂറും അവധി ദിവസങ്ങളിൽ പരമാവധി 8 മണിക്കൂറുമായി നിജപ്പെടുത്തികൊണ്ട്, ഓവർടൈം അലവൻസ് മണിക്കൂറിന് 100/- രൂപയാക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും, അതിനാൽ സെന്ററിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ് എക്സിക്യൂട്ടീവ് കമ്മിറ്റി ശിപാർശ ചെയ്തപ്രകാരം വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകണമെന്നും മാനേജിംഗ് ഡയറക്ടർ പരാമർശപ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സി-ആപ്റ്റിലെ ജീവനക്കാരുടെ ഓവർടൈം പ്രവൃത്തി ദിവസങ്ങളിൽ പരമാവധി 4 മണിക്കൂറും അവധി ദിവസങ്ങളിൽ പരമാവധി 8 മണിക്കൂറുമായി നിജപ്പെടുത്തികൊണ്ട്, ഓവർടൈം അലവൻസ് മണിക്കൂറിന് 100/- രൂപയായി (നൂറ് രൂപമാത്രം) വർദ്ധിപ്പിക്കുന്നതിന് സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

പകർപ്പ് :

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി- ആപ്റ്റ്) തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
3. നോഡൽ ഓഫീസർ,വെബ് സൈറ്റ്, ഉന്നതവിദ്യാഭ്യാസവകുപ്പ്
4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (K3/9/2026-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Sobha D
Date: 13-02-2026 12:04:24

സെക്ഷൻ ഓഫീസർ